Mathrubhumi 30.12.17

# കേരളത്തിൽ ശേഖരിക്കുന്നത് ലഭ്യമായതിന്റെ അഞ്ചുശതമാനം തേൻ മാത്രം

**തൃശ്ശൂർ ▸** വനമേഖല ഏറെയുള്ള കേരളത്തിൽ ശേഖരിക്കുന്നത് ലഭ്യമായതിന്റെ അഞ്ചുശതമാനം തേൻ മാത്രം. പ്രതിവർഷം സംഭരിക്കുന്നത് 5000 ടൺ തേനാണ്.

സംസ്ഥാനത്ത് ഏതാണ്ട് അഞ്ചുലക്ഷം തേനീച്ചപ്പെട്ടികളാണുള്ളത്. എന്നാൽ, രണ്ടു കോടിയോളം തേനീച്ചപ്പെട്ടികൾ വെയ്ക്കാനുള്ള സൗകര്യവും അതിനായുള്ള വിഭവങ്ങളും സംസ്ഥാനത്തുണ്ട്. സംസ്ഥാന ഹണി മിഷന്റെ കണ്ടെത്തലാണിത്. സംസ്ഥാനത്ത് വനമേഖലയിൽനിന്നുള്ള തേൻ സംഭരണം വളരെ കുറവാണ്.

തൃശ്ശൂർ വാഴാനി വനം ഡിവിഷന്റെ കീഴിൽ വനമേഖലയിൽ സ്ഥാപിച്ച തേനീച്ചപ്പെട്ടികളിൽനിന്ന് കഴിഞ്ഞ വർഷം സംഭരിച്ചത് 2000 കിലോഗ്രാം തേനാണ്. വനശ്രീ പദ്ധതി വഴി സംഭരിച്ചതിൽ ഏറ്റവും കൂടുതലും ഇതാണ്.

വനങ്ങളിൽനിന്ന് സംഭരിക്കുന്ന കാട്ടുതേൻ വളരെ തുച്ഛമാണ്. ആദിവാസി ഗോത്രവിഭാഗങ്ങളെ ഉപയോഗപ്പെടുത്തി തേൻസംഭരണം പതിന്മടങ്ങ് വർധിപ്പിക്കാമെന്ന് പഠനങ്ങൾ പറയുന്നു. വൻ കയറ്റുമതിസാധ്യതയും ആഭ്യന്തരവിപണിയുമുള്ള തേൻ വഴി സംസ്ഥാനത്തിന്റെ വരുമാനവും വർധിപ്പിക്കാം.

## വൈഗ നാളെ സമാപിക്കും

**തൃശ്ശൂർ ▸** കാർഷികോത്പന്ന സംസ്കരണത്തേയും മൂല്യവർധനവിനെയും കുറിച്ചുള്ള രണ്ടാമത് വൈഗ അന്തർദേശീയ ശില്പശാലയുടേയും പ്രദർശനത്തിന്റെയും സമാപനം ഞായറാഴ്ച. സമാപന സമ്മേളനം കാർഷികസർവകലാശാല സെൻട്രൽ ഓഡിറ്റോറിയത്തിൽ മൂന്നിന് സ്പീക്കർ പി. ശ്രീരാമകൃഷ്ണൻ ഉദ്ഘാടനം ചെയ്യും.

മന്ത്രി വി.എസ്. സുനിൽകുമാർ അധ്യക്ഷത വഹിക്കും. കൃഷിവകുപ്പ് പ്രസിദ്ധീകരണങ്ങളുടെ പ്രകാശനവും കേരള കാർഷിക സർവകലാശാലയുടെ നൂതന സാങ്കേതിക വിദ്യകളുടെ കൈമാറ്റവും നടത്തും.

മന്ത്രി എ.സി. മൊയ്തീൻ പുരസ്കാരം നൽകും.